# രക്ഷകനായ യേശു: ദാനപ്രഘോഷണം

## പ്രഘോഷണത്തിന്റെ പ്രാഥമ്യം

ഉത്ഥിതനായ ക്രിസ്തുവിന്റെ ശബ്ദം, മൂന്നാം സഹസ്രാബ്ദത്തിന്റെ പടിവാതിൽക്കൽ, ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ പുതുതായി പ്രതിധ്വനിക്കുന്നു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും (മത്താ. 28: 18-20). യേശുവിന്റെ സ്ഥിരമായ സഹായവും പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും ശക്തിയും കൂടെയുണ്ടാകുമെന്ന് ഉറപ്പുണ്ടായിരുന്ന ശ്ളീഹന്മാർ, ഈ കൽപന നിറവേറ്റാൻ പന്തക്കുസ്ത കഴിഞ്ഞ ഉടനെ പുറപ്പെട്ടു: അവർ പുറപ്പെട്ടുപോയി എല്ലായിടത്തും പ്രസംഗിച്ചു. കർത്താവ് അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്തു (മർക്കോ. 16:20). അവർ പ്രസംഗിച്ചത് വിശുദ്ധ പൗലോസ് ശ്ളീഹായുവാക്കുകളിൽ സംഗ്രഹിക്കാം: ഞങ്ങൾ ഉദ്ഘോഷിക്കുന്നത് ഞങ്ങളെക്കുറിച്ചല്ല. പ്രത്യുത യേശുക്രിസ്തുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായുമാണ് (2 കൊറി. 4:5). വിശ്വാസമാകുന്ന ദാനത്താൽ അനുഗ്രഹിക്കപ്പെട്ട സഭ രണ്ടായിരം വർഷങ്ങൾക്കു ശേഷം ലോകത്തിലെ ജനതകളെ കണ്ടുമുട്ടാൻ ഇറങ്ങിത്തിരിക്കുകയാണ്. യേശുക്രസ്തുവിന്റെ സദ്‌വാർത്ത ആ ജനതകളുമായി പങ്കുവയ്ക്കാനാണത്. യേശു അറിയപ്പെടാനും സ്നേഹിക്കപ്പെടാനും അനുഗമിക്കപ്പെടാനുമുള്ള പ്രേക്ഷിത തീക്ഷ്ണതയാൽ ജ്വലിക്കുന്ന ഒരു സമൂഹമാണവൾ.

യേശു കർത്താവാണെന്നു വ്യക്തമായി പ്രഘോഷിക്കാതെ യഥാർഥ സുവിശേഷവത്കരണമുണ്ടാവുകയില്ല. സുവിശേഷവത്കരണ ദൗത്യത്തിൽ യേശുക്രിസ്തുവിനെ സംബന്ധിച്ച പ്രഘോഷണത്തിനുള്ള പ്രാഥമ്യത്തെ രണ്ടാം വത്തിക്കാൻ കൗൺസിലും അന്നു മുതൽ സ യുടെ പ്രബോധനാധികാരവും ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. സ യുടെ പ്രേക്ഷിത ജോലിയുടെ യഥാർഥ സ്വഭാവത്തെ സംബന്ധിച്ചുണ്ടായ ഒരാശയക്കുഴപ്പത്തിനു മറുപടിയായിട്ടാണ് അങ്ങനെ ചെയ്തത്. അങ്ങനെ, പോൾ ആറാമൻ മാർപാപ്പ സംശയാതീതമാം വിധം എഴുതി: നസ്രസിലെ യേശുവിന്റെ, ദൈവപുത്രന്റെ, നാമവും പ്രബോധനവും ജീവിതവും വാഗ്ദാനങ്ങളും ദൈവരാജ്യവും രഹസ്യവും പ്രഘോഷിച്ചില്ലെങ്കിൽ യഥാർഥമായ സുവിശേഷവൽകരണമുണ്ടാകുകയില്ല . ഇതാണ് നൂറ്റാണ്ടുകളിലൂടെ ക്രൈസ്തവ തലമുറകൾ ചെയ്തത്. മനസിലാക്കത്തക്ക അഭിമാനത്തോടെ സിനഡ് പിതാക്കന്മാർ ഇങ്ങനെ അനുസ്മരിച്ചു. ഏഷ്യയിലെ അനേകം ക്രൈസ്തവ സമൂഹങ്ങൾ നൂറ്റാണ്ടുകളായി വലിയ വിഘ്നങ്ങൾക്കെതിരെ തങ്ങളുടെ വിശ്വാസം സംരക്ഷിച്ചു. അവർ തങ്ങളുടെ ആധ്യാത്മിക പൈതൃകത്തോട്, ധീരോചിതമായ, സ്ഥിരോൽസാഹത്തോടെ ചേർന്നുനിന്നു. അവരെ സംബന്ധിച്ചിടത്തോളം അളവറ്റ ഈ നിക്ഷേപം പങ്കുവയ്ക്കുകയെന്നത് ഏറെ സന്തോഷം നൽകുന്ന ഒന്നാണ്, അടിയന്തിരമായി ചെയ്യേണ്ടതുമാണ് .

അതേസമയം, യേശുക്രിസ്തുവിനെപ്പറ്റിയുള്ള പ്രഘോഷണത്തിന്റെ ആരംഭം രണ്ടായിരം വർഷം മുമ്പു കണ്ട ആ ഭൂഖണ്ഡത്തിൽതന്നെ ആ പ്രഘോഷണത്തോട് നവീകൃത സമർപ്പണമുണ്ടാവുക അത്യാവശ്യമാണെന്ന വസ്തുതയ്ക്കു പ്രത്യേക സമ്മേളനത്തിന്റെ അംഗങ്ങൾ വീണ്ടും വീണ്ടും സാക്ഷ്യം നൽകി. ആ ൂഖണ്ഡത്തിലെ അനേകം ജനതകൾ യേശുവിനെ വ്യക്തമായോ ബോധപൂർവമോ ഒരിക്കലും കണ്ടുമുട്ടിയിട്ടില്ല. അതുകൊണ്ട് പൗലോസ് ശ്ളീഹായുടെ വാക്കുകൾ കൂടുതൽ തീക്ഷ്ണതയാർജിക്കുന്നു. .... കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും. എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ

എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ ഏങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ ഏങ്ങനെ കേൾക്കും? (റോമ.10:13-14). സകല ദാനങ്ങളെയും ഉൾക്കൊള്ളുന്ന ദാനമായി നമ്മൾ നിധിപോലെ സൂക്ഷിക്കുന്ന ഒന്നിനെ, അതായത് യേശുക്രിസ്തുവിന്റെ സുവിശേഷത്തെ, ഏഷ്യയിലുള്ള സഹോദരീസഹോദരന്മാർക്ക് എങ്ങനെ പങ്കുവച്ചുകൊടുക്കും എന്നതാണ് ഇന്ന് സ യെ നേരിടുന്ന വലിയ ചോദ്യം.

## യേശുക്രിസ്തുവിനെ ഏഷ്യയിൽ പ്രഘോഷിക്കൽ

പരിശുദ്ധാത്മാവിന്റെ പ്രവർത്തനംവഴി, വ്യക്തികളിലും ജനതകളിലും ഒരു പ്രതീക്ഷയുണ്ടായിട്ടുണ്ട്. ആ പ്രതീക്ഷയെപ്പറ്റി അവർ ബോധവാന്മാരല്ലെങ്കിലും അതു നിലനിൽക്കുന്നുണ്ട്. ദൈവത്തെയും മനുഷ്യനെയും കുറിച്ചും പാപത്തിൽനിന്നും മരണത്തിൽനിന്നും നാം എങ്ങനെ രക്ഷ പ്രാപിക്കുമെന്നതിനെക്കുറിച്ചും അറിയാനാകും എന്ന പ്രതീക്ഷയാണത്. ഈ വസ്തുത അറിയുന്ന ഏഷ്യയിലെ സഭ പ്രഘോഷണ ദൗത്യത്തെ സംബന്ധിച്ച് പൂർവാധികം ഉൽസാഹമുള്ളവളാണ്. പ്രഘോഷണത്തെ സംബന്ധിച്ച ഊന്നൽ വിഭാഗീയ ചിന്തയുടെ പ്രേരണകൊണ്ടുണ്ടാകുന്നതല്ല. മതപരിവർത്തനവാദത്തിന്റെ ചൈതന്യത്താൽ പ്രേരിപ്പിക്കപ്പെട്ടതുമല്ല. അധീശത്വമനോഭാവത്താൽ പ്രചോദിക്കപ്പെട്ടതുമല്ല. സഭ ക്രിസ്തുവിന്റെ കൽപനയെ അനുസരിച്ചുകൊണ്ട് സുവിശേഷവൽകരണം നടത്തുന്നു. ക്രിസ്തുവിൽ തന്നെത്തന്നെ വെളിപ്പെടുത്തുകയും നൽകുകയും ചെയ്യുന്ന ദൈവത്തിന്റെ സുവിശേഷം കേൾക്കാൻ ഓരോ വ്യക്തിക്കും അവകാശമുണ്ടെന്ന് അറിഞ്ഞുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയെന്നതാണ് ഏഷ്യയിലെ ജനതകൾക്കായി നൽകാൻ സഭയ്ക്കുള്ള ഏറ്റവും മഹത്തായ സേവനം. എന്തെന്നാൽ അത് പരമാത്മാവിനു (ഠവല അയഎീഹൗലേ) വേണ്ടിയുള്ള അവരുടെ ആഴത്തിലുള്ള ദാഹം ശമിപ്പിക്കുന്നു. അവരുടെ ആ സമഗ്രമായ മാനുഷിക വികസനത്തെ ഉറപ്പുവരുത്തുന്ന സത്യങ്ങളെയും മൂല്യങ്ങളെയും അതു വെളിവാക്കുകയും ചെയ്യുന്നു.

ഏഷ്യയിലെ വളരെയേറെ വൈവിധ്യം നിറഞ്ഞ സാഹചര്യങ്ങളുടെ സങ്കീർണത ആഴത്തിൽ അറിഞ്ഞുകൊണ്ടും സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ടും (എഫേ 4:15), സഭ സുവിശേഷം പ്രഘോഷിക്കുന്നു. കേൾവിക്കാരോടുള്ള സ്നേഹപൂർണമായ ആദരവോടും ബഹുമാനത്തോടുംകൂടിയാണ് പ്രഘോഷിക്കുന്നത്. മനസ്സാക്ഷികളുടെ അവകാശങ്ങളെ ആദരിച്ചുകൊണ്ടുള്ള പ്രഘോഷണം സ്വാതന്ത്ര്യത്തെ ലംഘിക്കുന്നില്ല. വ്യക്തിയുടെ ഭാഗത്തുനിന്ന് സ്വതന്ത്രമായ പ്രത്യുത്തരം ഉണ്ടാകണമെന്ന് വിശ്വാസം എപ്പോഴും ആവശ്യപ്പെടുന്നുണ്ടല്ലോ. എന്നാൽ, സുവിശേഷത്തെ അതിന്റെ പൂർണതയിൽ പ്രഘോഷിക്കുകയെന്ന ആവശ്യത്തെ ഒഴിവാക്കുന്ന ഒന്നല്ല ആദരവ്. പ്രത്യേകിച്ച് ഏഷ്യയിലുള്ള സംസ്കാരങ്ങളുടെയും മതങ്ങളുടെയും സമ്പന്നമായ ശ്രേണികളുടെ സാഹചര്യത്തിൽ താഴെപ്പറയുന്ന സംഗതി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു: യേശുക്രിസ്തുവിനെപ്പറ്റി ഈ അക്രൈസ്തവരോടു പ്രഘോഷിക്കുന്നതിൽനിന്ന് മാറി നിൽക്കാനുള്ള ഒരു ക്ഷണമല്ല, ഈ മതങ്ങളോടുള്ള ആദരവും ബഹുമാനവും, അതിനെ സംബന്ധിച്ചുണ്ടാകുന്ന ചോദ്യങ്ങളുടെ സങ്കീർണതയും . ഞാൻ 1986ൽ ഇന്ത്യ സന്ദർശിച്ചപ്പോൾ വ്യക്തമായി ഇങ്ങനെ പറഞ്ഞു: മറ്റു മതങ്ങളോടുള്ള സഭയുടെ സമീപനം ആത്മാർഥമായ ആദരവു നിറഞ്ഞതാണ്. ഈ ആദരവ് രണ്ടു തരത്തിലുണ്ട്: തന്റെ ജീവിതത്തെ സംബന്ധിച്ച അത്യഗാധങ്ങളായ ചോദ്യങ്ങൾക്ക് ഉത്തരമന്വേഷിക്കുന്ന മനുഷ്യനോടുള്ള ആദരവും മനുഷ്യനിൽ പരിശുദ്ധാത്മാവ് നടത്തുന്ന പ്രവർത്തനത്തോടുള്ള ആദരവും. യഥാർഥത്തിൽ, ഏഷ്യൻ സമൂഹങ്ങളിലും സംസ്കാരങ്ങളിലും മതങ്ങളിലും പരിശുദ്ധാത്മാവ് നടത്തുന്ന പ്രവർത്തനത്തെ സിനഡ് പിതാക്കന്മാർ സന്നദ്ധതയോടെ അംഗീകരിച്ചു. പരിശുദ്ധാത്മാവിന്റെ ആ പ്രവർത്തനത്തിലൂടെ ഏഷ്യയിലെ ജനതകളുടെ ഹൃദയങ്ങളെ ക്രിസ്തുവിലുള്ള ജീവന്റെ പൂർണതയ്ക്കായി

പിതാവ് ഒരുക്കുന്നു.
എന്നാലും ഏകരക്ഷകനായി യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നതിലുള്ള പ്രയാസങ്ങളെപ്പറ്റി ഏഷ്യയിലെ പല മെത്രാന്മാരും സിനഡിനു മുമ്പുള്ള ആലോചനാ യോഗങ്ങളിൽ പരാമർശിക്കുകയുണ്ടായി. സമ്മേളനത്തിൽ ആ സാഹചര്യം ഇപ്രകാരം വിവരിക്കപ്പെട്ടു. ഏഷ്യയിലെ മഹാമതങ്ങളുടെ ചില അനുയായികൾക്ക് യേശുവിനെ ദൈവത്തിന്റെ അഥവാ പരമാത്മാവിന്റെ ഒരു പ്രത്യക്ഷീകരണമായോ ഒരു ജ്ഞാനപ്രകാശിതനായോ സ്വീകരിക്കുന്നതിൽ ഒരു പ്രശ്നവുമില്ല. പക്ഷേ, യേശുവിനെ ദൈവത്തിന്റെ ഏക പ്രത്യക്ഷീകരണമായി കാണാൻ അവർക്കു പ്രയാസമുണ്ട്. യഥാർഥത്തിൽ, യേശു ഏകരക്ഷകനാണെന്ന വിശ്വാസദാനം പങ്കുവയ്ക്കാനുള്ള പരിശ്രമം തത്വശാസ്ത്രപരവും സാംസ്കാരികവും ദൈവശാസ്ത്രപരവുമായ പ്രയാസങ്ങൾകൊണ്ടു നിറഞ്ഞതാണ്. പ്രത്യേകിച്ച് ഏഷ്യയിലെ മഹാമതങ്ങളുടെ വിശ്വാസങ്ങളുടെ സാഹചര്യത്തിൽ അപ്രകാരമാണ്. അവ സാംസ്കാരിക മൂല്യങ്ങളും സവിശേഷ ലോകവീക്ഷണങ്ങളുമായി കൂടിപ്പിണിഞ്ഞു കിടക്കുന്നവയാണ്.
ഏഷ്യയിൽ യേശു ഒരു വിദേശീയനായിട്ടാണ് മിക്കപ്പോഴും കാണപ്പെടുന്നത് എന്ന വസ്തുത ആ പ്രയാസത്തെ വർധിപ്പിക്കുന്നുവെന്ന് സിനഡ് പിതാക്കന്മാർ അ ിപ്രായപ്പെട്ടു. ഏഷ്യൻ മണ്ണിൽ പിറന്ന യേശുവിനെ ഒരു ഏഷ്യൻ വ്യക്തിയായി കാണാതെ മിക്ക ഏഷ്യക്കാരും ഒരു പാശ്ചാത്യനായി കാണുന്നു. ഇതൊരു വൈരുദ്ധ്യമാണ്. പാശ്ചാത്യ മിഷനറിമാർ നടത്തിയ സുവിശേഷപ്രഘോഷണം അവരുടെ സ്വന്തം നാടുകളിലെ സംസ്കാരങ്ങളാൽ സ്വാധീനിക്കപ്പെട്ടിരിക്കുകയെന്നത് അനിവാര്യമായിരുന്നു. സുവിശേഷവത്കരണത്തിന്റെ ചരിത്രത്തിൽ ഇത് ഒഴിവാക്കാനാകാത്ത ഒരു വസ്തുതയാണെന്ന് സിനഡ് പിതാക്കന്മാർ അംഗീകരിച്ചു. അതേമയം, എല്ലാ മിഷനറിമാർക്കും നന്ദിപറയാൻ അവർ ആ അവസരം ഉപയോഗിക്കുകയും ചെയ്തു. യേശുക്രിസ്തുവിന്റെ സുവിശേഷവും വിശ്വാസമാകുന്ന ദാനവും കൊണ്ടുവന്ന സ്ത്രീകളും പുരുഷന്മാരും, സന്യസ്തരും അൽമായരും, വിദേശീയരും സ്വദേശീയരുമായ എല്ലാ മിഷനറിമാർക്കും സവിശേഷമായ വിധത്തിൽ അവർ തങ്ങളുടെ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഈ സന്ദർ ം ഉപയോഗിച്ചു. വീണ്ടും ഏഷ്യയിലേയ്ക്ക് മിഷനറിമാരെ അയയ്ക്കുകയും ഇപ്പോഴും അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വ്യക്തിസ കളോട് പ്രത്യേകമായി കൃതജ്ഞത രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.
വിശുദ്ധ പൗലോസ് ശ്ലീഹയുടെ അനുഭവത്തിൽനിന്ന് സുവിശേഷ പ്രസംഗകർക്കു ധൈര്യം സ്വീകരിക്കാം. അദ്ദേഹം തന്റെ ശ്രോതാക്കളുടെ തത്വചിന്താപരവും സാംസ്കാരികവും മതപരവുമായ മൂല്യങ്ങളോടുള്ള സംവാദത്തിൽ ഏർപ്പെട്ടുവല്ലോ(അപ്പ. 14:13-17;17:22-31). സഭ യെ കടപ്പെടുത്തുന്ന വിശ്വാസ സത്യങ്ങളെ ക്രോഡീകരിച്ച സാർവത്രിക സൂനഹദോസുകൾക്കു പോലും അവർക്കു ല ്യമായ ാഷാശാസ്ത്രപരവും തത്വചിന്താപരവും സാംസ്കാരികവുമായ വിഭവങ്ങൾ ഉപയോഗിക്കേണ്ടിവന്നു. ആ വിഭവങ്ങൾ മുഴുവൻ സഭ യുടെയും പങ്കുവയ്ക്കപ്പെട്ട സ്വത്തായി തീർന്നു. ക്രിസ്തുശാസ്ത്രപരമായ അവളുടെ സിദ്ധാന്തം സമുചിതവും സാർവത്രികവുമായ വിധത്തിൽ പ്രകാശിപ്പിക്കുവാൻ കഴിവുള്ളതായിരുന്നു ആ വി വങ്ങൾ. അവ വിശ്വാസ പൈതൃകത്തിന്റെ ഭാഗമാണ്. വിവിധ സംസ്കാരങ്ങളുമായുള്ള കണ്ടുമുട്ടലിൽ അവ വീണ്ടും വീണ്ടും സ്വന്തമാക്കുകയും പങ്കുവയ്ക്കപ്പെടുകയും വേണം. അങ്ങനെ, സ യുടെ ദൈവശാസ്ത്രപരമായ സിദ്ധാന്തത്തോടും തങ്ങളുടെ തന്നെ ഏഷ്യൻ ഉദ് വങ്ങളോടുള്ള വിശ്വസ്തതയിൽ നിലനിന്നുകൊണ്ട്, ഏഷ്യൻ ജനതയ്ക്ക് യേശുവിനോട് താദാത്മ്യപ്പെടാൻ കഴിയത്തക്ക വിധം യേശുവിനെ പ്രഘോഷിക്കണം. ഇത് പരമപ്രധാനമായ ഒരു വെല്ലുവിളിയാണ്.
ഏകരക്ഷകനെന്ന നിലയിൽ യേശുക്രിസ്തുവിനെ അവതരിപ്പിക്കുന്നതിന് സവിശേഷമായ ഒരു പ്രബോധനശാസ്ത്രം(Pedagogy) ആവശ്യമാണ്. ആ രഹസ്യത്തിന്റെ പൂർണമായ സ്വീകരണ

ത്തിലേക്ക് ജനങ്ങളെ പടിപടിയായി പ്രവേശിപ്പിക്കുന്ന ഒന്നായിരിക്കണം അത്. തീർച്ചയായും, അക്രൈസ്തവരോട് ആദ്യമായി സുവിശേഷം പ്രഘോഷിക്കുന്നതും, വ്യത്യസ്ത സമീപനങ്ങളോടുകൂടിയായിരിക്കണം. പ്രരം പ്രഘോഷണത്തിൽ, ഉദാഹരണമായി, യേശുവിനെ അവതരിപ്പിക്കുന്നത്, ഏഷ്യൻ ജനതകളുടെ ഇതിഹാസങ്ങളിലും നാടോടിക്കഥകളിലും പ്രകാശിപ്പിക്കപ്പെട്ടിട്ടുള്ള ആഗ്രഹങ്ങളുടെ തൃപ്തിപ്പെടുത്തൽ എന്ന നിലയിലായിരിക്കണം. പൊതുവെ, ഏഷ്യയിലെ സാംസ്കാരിക രൂപങ്ങളോടു ബന്ധമുള്ള വിവരണാത്മക രീതികളാണ് കൂടുതൽ അഭികാമ്യം. യഥാർഥത്തിൽ, സുവിശേഷങ്ങൾ ചെയ്യുന്നതുപോലെ, യേശുക്രിസ്തുവിന്റെ കഥ വിവരിച്ചുകൊണ്ട്, അവിടുത്തെക്കുറിച്ചുള്ള പ്രഘോഷണം ഏറ്റവും ഫലപ്രദമായി വിധത്തിൽ നടത്താം. യേശുവിനെ അവതരിപ്പിക്കുമ്പോൾ അവിടുത്തെക്കുറിച്ചുള്ള സദ്വീജ്ഞാനപരമായ അറിവുകൾ എപ്പോഴും മുൻകൂട്ടി സങ്കൽപക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യണം. അവയെ, കൂടുതൽ യുക്തിപരവും ചരിത്രപരവുമായ – പ്രപഞ്ചപരംപോലുമായ– വീക്ഷണങ്ങൾകൊണ്ട് പൂരിപ്പിക്കാവുന്നതാണ്. ഏഷ്യയിൽ ക്രിസ്തുവിന്റെ മുഖം അവതരിപ്പിക്കാനാകുന്ന നവീനവും വിസ്മയാവഹവുമായ മാർങ്ങളോട് സഭ തുറന്ന മനോഭാവം കാണിക്കണമെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു.

അധ്യാപനത്തിനുള്ള ഏഷ്യൻ രീതിശാസ്ത്രത്തിന് ഏറെ സവിശേഷമായിട്ടുള്ള ഒന്നാണ് കഥകളും ഉപമകളും പ്രതീകങ്ങളും ഉപയോഗിക്കുകയെന്നത്. അവ ഉപയോഗിക്കുന്ന ഉത്തജനകരമായ ഒരു അധ്യാപന ശാസ്ത്രമാണ് തുടർവേദോപദേശത്തിൽ അനുസരിക്കേണ്ടതെന്ന് സിനഡ് ശുപാർശ ചെയ്തു. വ്യക്തിപരമായ സമ്പർക്കത്തിന്റെ മൂല്യം യേശുവിന്റെ ശുശ്രൂഷതന്നെ വ്യക്തമാക്കിയിട്ടുണ്ട്. കേൾവിക്കാരന്റെ സാഹചര്യത്തെ സുവിശേഷ പ്രസംഗകൻ ശരിക്കു മനസിലാക്കണമെന്ന് വ്യക്തിപരമായ സമ്പർക്കം ആവശ്യപ്പെടുന്നുണ്ട്. ശ്രോതാവിന്റെ പക്വതയുടെ നിലവാരത്തിനു ചേർന്ന വിധത്തിലും സമുചിതമായ രൂപത്തിലും ഭാഷയിലും പ്രഘോഷിക്കാൻ വേണ്ടിയാണത്. ഏഷ്യൻ ജനതകളുടെ വികാരങ്ങൾക്ക് ആകർഷകമായ വിധത്തിൽ സുവിശേഷം പ്രഘോഷിക്കുകയെന്ന ആവശ്യകതയെ, ഈ വിക്ഷണപ്രകാരം സിനഡ് പിതാക്കന്മാർ പലപ്രാവശ്യം ഊന്നിപ്പറഞ്ഞു. ഏഷ്യൻ മനസുകൾക്കും സംസ്കാരങ്ങൾക്കും സുഗ്രഹമായിരിക്കുകയും അതേസമയം വിശുദ്ധ ലിഘിതങ്ങളോടും പാരമ്പര്യത്തോടും വിശ്വസ്തതപുലർത്തുകയും ചെയ്യുന്ന യേശുവിന്റെ പ്രതിച്ഛായകൾ ഉണ്ടായിരിക്കണമെന്ന് അവർ നിർദേശിച്ചു. അത്തരത്തിൽപ്പെട്ട ചിലതാണ്, ജ്ഞാനോപദേശകൻ, ദരിദ്രരോടു സഹതാപം കാണിക്കുന്ന സുഹൃത്ത്, നല്ല ശമറായൻ, നല്ല ആട്ടിടയൻ, അനുസരണയുള്ളവൻ എന്നിങ്ങനെയുള്ള യേശുക്രിസ്തുവിന്റെ ചിത്രങ്ങൾ. ഏഷ്യൻ ജനതകളുടെ ജീവിതത്തിലും മതങ്ങളിലും പണ്ടേ സന്നിഹിതമായിരിക്കുന്ന ദൈവീക ജ്ഞാനത്തിന്റെ വിത്തുകളെ ഫലവത്താക്കുന്ന വരപ്രസാദം ചൊരിയുന്ന ദൈവജ്ഞാനത്തിന്റെ മനുഷ്യാവതാരമായി യേശുവിനെ അവതരിപ്പിക്കാം. ഏഷ്യൻ ജനതകളിലുള്ള വർധിച്ച സഹനങ്ങളുടെ മധ്യത്തിൽ യേശുവിനെ രക്ഷകനായി പ്രഘോഷിക്കാം. അവാച്യമായ വേദനയ്ക്കും സഹനത്തിനും വിധേയരായി കഴിയുന്നവർക്ക് ജീവിതത്തിന്റെ അർഥം നൽകാൻ കഴിയുന്ന രക്ഷകനായി അവതരിപ്പിക്കാം.

സഭ ഏഷ്യയിലെ തന്റെ പുത്രീപുത്രന്മാർക്ക് ദാനമായി നൽകുന്ന വിശ്വാസം ഏതെങ്കിലുമൊരു മാനുഷിക സംസ്കാരത്തിന്റെ ഗ്രഹണശക്തിയുടെയും പ്രകാശനത്തിന്റെയും അതിർത്തികൾക്കുള്ളിൽ ഒതുങ്ങിനിൽക്കാൻ പാടില്ല. എന്തെന്നാൽ അത് ആ അതിർത്തികളെ ഉല്ലംഘിക്കുന്ന ഒന്നാണ്. മാത്രമല്ല ഗ്രഹണശക്തിയുടെയും പ്രകാശത്തിന്റെയും പുതിയ ഔന്നത്യങ്ങളിലേയ്ക്കു പറന്നുയരാൻ എല്ലാ സംസ്കാരങ്ങളെയും അത് യഥാർഥത്തിൽ വെല്ലു വിളിക്കുന്നുമുണ്ട്. എന്നാലും, അതേസയം, ക്രിസ്തുവിന്റെ രഹസ്യത്തെ തങ്ങളുടെ ജനങ്ങൾക്ക് അവരുടെ സാംസ്കാരിക മാതൃകകൾക്കും ചിന്താരീതികൾക്കും ചേർന്ന വിധത്തിൽ അവതരിപ്പിക്കുകയെന്ന ഏഷ്യ

യിലെ പ്രാദേശിക സഭകളുടെ അടിയന്തിര സ്വഭാവമുള്ള ആവശ്യത്തെപ്പറ്റി സിനഡ് പിതാക്കന്മാർ തികഞ്ഞ ബോധമുള്ളവരുമായിരുന്നു. തങ്ങളുടെ ഭൂഖണ്ഡത്തിൽ വിശ്വാസത്തിന്റെ അത്തരത്തിലുള്ള ഒരു സാംസ്കാരികാനുരൂപണത്തിന് യേശുവിന്റെ ഏഷ്യൻ മുഖച്ഛായ വീണ്ടും കണ്ടെത്തണമെന്ന് അവർ ചൂണ്ടിക്കാണിച്ചു. ഏഷ്യയിലെ സംസ്കാരങ്ങൾക്ക് യേശുവിന്റെയും അവിടുത്തെ സഭയുടെയും സാർവത്രിക രക്ഷാകര രഹസ്യത്തെ ഗ്രഹിക്കാനുള്ള മാർഗങ്ങളെ തിട്ടപ്പെടുത്തണമെന്നും അവർ ചൂണ്ടിക്കാണിച്ചു. ജനതകളിലേയ്ക്കും അവരുടെ സംസ്കാരങ്ങളിലേയ്ക്കും തുളച്ചുകയറുന്ന ഉൾക്കാഴ്ചയെ ഇന്ന് പ്രശംസിക്കേണ്ടിയിരിക്കുന്നു. ജിയോവാന്നി ദ മോന്തേ കൊർവീനോ, മത്തോയോ റിച്ചി, റോബെർത്തോ ദി നോബിലി മുതലായ വ്യക്തികൾ അത്തരം ദൃഷ്ടിയുള്ളവരുടെ ചുരുക്കം ചില മാതൃകകളായി ഇവിടെ സൂചിപ്പിക്കാം.

### സാംസ്കാരികാനുരൂപണമെന്ന വെല്ലുവിളി

മനുഷ്യവ്യക്തി സുവിശേഷത്തെ മുഖാമുഖം കാണുന്ന സജീവ സ്ഥാനമാണ് സംസ്കാരം. ഒരു മനുഷ്യ സമൂഹത്തിന്റെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഫലമാണ് ഒരു സംസ്കാരം. അതുപോലെതന്നെ, ആ സമൂഹത്തിലെ വ്യക്തികൾ, അവർ ജീവിക്കുന്ന സംസ്കാരത്താൽ, വലിയതോതിൽ രൂപവൽകൃതരാകുകയും ചെയ്യുന്നു. വ്യക്തികളും സമൂഹങ്ങളും പരിവർത്തനവിധേയമായിക്കൊണ്ടിരിക്കുന്നു. അതുപോലെ സംസ്കാരവും അവരോടൊപ്പം മാറിക്കൊണ്ടിരിക്കുന്നു. ഒരു സംസ്കാരം പരിവർത്തിത മാകുമ്പോൾ വ്യക്തികളും സമൂഹങ്ങളും അതിനാൽ പരിവർത്തിതരായിത്തീരുന്നു. സുവിശേഷവത്കരണവും സാസ്കാരികാനുരൂപണവും സ്വാ ാവികമായും ദൃഢമായും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് ഈ വീക്ഷണത്തിൽനിന്ന് കൂടുതൽ വ്യക്തമാകും. തീർച്ചയായും സുവിശേഷം, സുവിശേഷവത്കരണം എന്നിവയും സംസ്കാരവും ഒന്നല്ല. അവ സംസ്കാരത്തിൽനിന്നു സ്വതന്ത്രമാണ്. എന്നാലും ഒരു സംസ്കാരത്തോട് അഗാധമാംവിധം ബന്ധപ്പെട്ടുകിടക്കുന്ന ഒരു ജനതയിലേക്കാണ് ദൈവരാജ്യം വരുന്നത്. ദൈവരാജ്യ നിർമാണത്തിൽ മാനുഷിക സംസ്കാരങ്ങളിൽനിന്നുള്ള ഘടകങ്ങളെ കടമെടുക്കാതിരിക്കാൻ സാധിക്കുകയുമില്ല. അതുകൊണ്ട് സുവിശേഷവത്കരണത്തിന്മേലും സംസ്കാരത്തിന്മേലും വലിയ സ്വാധീനം ചെലുത്തുന്ന നമ്മുടെ കാലഘട്ടത്തിന്റെ നാടകമെന്ന് സുവിശേവും സംസ്കരവും തമ്മിലുള്ള വിഭജനത്തെ പോൾ ആറാമൻ മാർപാപ്പാ വിളിച്ചു.

ലോകത്തിന്റെ വിവിധ സംസ്കാരങ്ങളുമായുള്ള കണ്ടുമുട്ടലിന്റെ പ്രക്രിയയിൽ, സ തന്റെ സത്യങ്ങളെയും മൂല്യങ്ങളെയും പകർന്നുകൊടുക്കുകയും സംസ്കാരങ്ങളെ ഉള്ളിൽനിന്നു നവീകരിക്കുകയും മാത്രമല്ല ചെയ്യുന്നത്. വിവിധ സംസ്കാരങ്ങളിൽനിന്ന് അവയിൽ നിലനിൽക്കുന്ന ഭാവാത്മക ഘടകങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ക്രൈസ്തവ വിശ്വാസത്തെ അവതരിപ്പിക്കുകയും അതിനെ ജനങ്ങളുടെ സാംസ്കാരിക പൈതൃകത്തിലെ ഭാഗമാക്കി മാറ്റുകയും ചെയ്യുന്ന സുവിശേഷ പ്രഘോഷകർ ഉപയോഗിക്കാൻ കടപ്പെട്ടിരിക്കുന്ന വഴി ഇതാണ്. വിവിധ സംസ്കാരങ്ങളെ, സുവിശേഷത്തിന്റെ വെളിച്ചത്തിൽ പരിഷ്കരിക്കുകയും പുതുക്കുകയും ചെയ്തു കഴിയുമ്പോൾ അവയ്ക്ക് ഏക ക്രൈസ്തവ വിശ്വാസത്തിന്റെ യഥാർഥ പ്രകാശനങ്ങളായിത്തീരാൻ കഴിയും. സഭ സാംസ്കാരികാനുരൂപണംവഴി, അവൾ എന്തായിരിക്കുന്നുവോ, അതിന്റെ കൂടുതൽ സുഗ്രഹമായ അടയാളമായിത്തീരുന്നു. പ്രേക്ഷിതത്വത്തിന്റെ കൂടുതൽ കാര്യക്ഷമമായ ഉപകരണവുമായിത്തീരുന്നു. സംസ്കാരങ്ങളുമായുള്ള ഈ ഏർപ്പെടൽ എന്നും ചരിത്രത്തിലൂടെയുള്ള സഭയുടെ തീർഥാടനത്തിന്റെ ഒരു ഭാഗമായിരുന്നു. എന്നാൽ ഇന്ന് വിവിധ വംശങ്ങളും വിവിധ മതങ്ങളും വിവിധ സംസ്കാരങ്ങളുമുള്ള ഏഷ്യയുടെ സാഹചര്യത്തിൽ അതിന് സവിശേഷമായ അടിയന്തിര സ്വഭാവമുണ്ട്. ക്രിസ്തുമതം മിക്കപ്പോഴും വിദേശീയമായി

കാണപ്പെടുന്ന സാഹചര്യമാണല്ലോ അവിടെ.
സിനഡിൽ കൂടെക്കൂടെ ആവർത്തിച്ചു പറഞ്ഞ വസ്തുത ഓർമിക്കുക ഈ സന്ദർഭത്തിൽ ഉചിതമാണ്. പരിശുദ്ധാത്മാവാണ് ഏഷ്യയിൽ ക്രൈസ്തവ വിശ്വാസത്തിന്റെ, സാസ്കാരികാനുരൂപണത്തിന്റെ പ്രഥമ പ്രവർത്തകൻ എന്നതാണാ വസ്തുത. മുഴുവൻ സത്യത്തിലേക്കും നമ്മെ നയിക്കുന്ന അതേ പരിശുദ്ധാത്മാവ് വിവിധ ജനതകളുടെ സാംസ്കാരിക- മതാത്മക മൂല്യങ്ങളുമായുള്ള ഫലപ്രദമായ സംവാദം സാധ്യമാക്കി തീർക്കുന്നു. ആ ജനതകളിൽ അവിടുന്ന് പ്രത്യേക വിധത്തിൽ സന്നിഹിതനാണ്. ആത്മാർഥ ഹൃദയമുള്ള സ്ത്രീപുരുഷന്മാർക്കു തിന്മയെയും തിന്മ നിറഞ്ഞവന്റെ വഞ്ചനയെയും കീഴടക്കാനുള്ള ശക്തി നൽകിക്കൊണ്ട് അവിടുന്ന് സന്നിഹിതനായിരിക്കുന്നു. യഥാർഥത്തിൽ, ദൈവത്തിനു മാത്രം അറിയാവുന്ന ഒരു രീതിയിൽ പെസഹാരഹസ്യത്തിൽ പങ്കുചേരാനുള്ള സാധ്യത നൽകിക്കൊണ്ടും നിലകൊള്ളുന്നു. സംവാദം സത്യത്തിലും പരമാർഥതയിലും വിനയത്തിലും ആദരവിലും വികസിക്കുന്നുവെന്ന് പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഉറപ്പുവരുത്തുന്നു.  മറ്റുള്ളവർക്ക് രക്ഷയുടെ സുവിശേഷം നൽകുമ്പോൾ സഭ  അവരുടെ സംസ്കാരത്തെ മനസിലാക്കാൻ പരിശ്രമിക്കുന്നു. തന്റെ ശ്രോതാക്കളുടെ മനസ്സുകളെയും ഹൃദയങ്ങളെയും, അവരുടെ ആചാരമര്യാദകളെയും അവരുടെ പ്രശ്നങ്ങളെയും പ്രയാസങ്ങളെയും, അവരുടെ പ്രത്യാശകളെയും സ്വപ്നങ്ങളെയും അറിയാൻ അവൾ പരിശ്രമിക്കുന്നു. സംസ്കാരത്തിന്റെ ഈവിധ വശങ്ങളെ അറിയുകയും മനസിലാക്കുകയും ചെയ്തുകഴിഞ്ഞാൽ അവൾക്ക് രക്ഷയുടെ സംവാദം തുടങ്ങാൻ കഴിയും. സ്വന്തമായി കേൾക്കാനും പ്രത്യുത്തരിക്കാനും ആഗ്രഹിക്കുന്ന എല്ലാവർക്കും രക്ഷയുടെ സുവിശേഷം ആദരവോടുകൂടി, എന്നാൽ വ്യക്തതയോടും അവബോധത്തോടുംകൂടി നൽകാൻ അവൾക്കു കഴിയും.  അതുകൊണ്ട് ഏഷ്യക്കാരെന്ന നിലയിൽ ക്രൈസ്തവ വിശ്വാസത്തെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ഏഷ്യൻ ജനതയ്ക്ക് ഒരുകാര്യം ഉറപ്പായി വിശ്വസിച്ചു കഴിയാം: അവരുടെ പ്രത്യാശകളും പ്രതീക്ഷകളും ആകുലതകളും സഹനങ്ങളും യേശുവിനാൽ ആശ്ളേഷിക്കപ്പെടുക മാത്രമല്ല ചെയ്യുന്നത്. പിന്നെയോ അവ വിശ്വാസമാകുന്ന ദാനവും പരിശുദ്ധാത്മാവിന്റെ ശക്തിയും അവരുടെ ജീവിതത്തിന്റെ ഉള്ളിന്റെയുള്ളിൽ പ്രവേശിക്കുന്ന സ്ഥാനം കൂടിയായിതീരുമെന്ന് ഉറച്ചു വിശ്വസിക്കാം.
ഈ സംവാദത്തെ തിരിച്ചറിവോടെ നയിക്കുകയെന്നത്, തങ്ങളുടെ സിദ്ധിയുടെ ശക്തിയാൽ, അജപാലകരുടെ കടമയാണ്. അതുപോലെതന്നെ, വിശുദ്ധവും മതേതരവുമായ ശാസ്ത്രശാഖകളിൽ വിദഗ്ധരായിട്ടുള്ളവർക്ക് സാംസ്കാരികാനുരൂപണപ്രക്രിയയിൽ സുപ്രധാന ധർമങ്ങൾ നിർവഹിക്കാനുണ്ട്. എന്നാലും, ആ പ്രക്രിയയിൽ ദൈവജനം മുഴുവനും ഉൾപ്പെടണം. കാരണം, പ്രഘോഷിക്കപ്പെടുകയും സ്വന്തമാക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന വിശ്വാസത്തെ മുഴുവൻ സ  യുടെയും ജീവിതം പ്രകാശിപ്പിച്ചു കാണിക്കണം. ഇതു വേണ്ടവിധം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില മേഖലകളെ സിനഡ് പിതാക്കന്മാർ തിട്ടപ്പെടുത്തുകയുണ്ടായി. ദൈവശാസ്ത്രപരമായ ചിന്ത, വൈദികരുടെയും സന്യസ്തരുടെയും പരിശീലനം, വേദോപദേശം, ആധ്യാത്മികത എന്നിവയുടെ മേഖലകളാണവ.

## സാംസ്കാരികാനുരൂപണത്തിന്റെ സുപ്രധാന മണ്ഡലങ്ങൾ

സാംസ്കാരികാനുരൂപണപരമായ ദൈവശാസ്ത്രം, പ്രത്യേകിച്ച് ക്രിസ്തുശാസ്ത്രത്തിന്റെ മേഖലയിൽ, വികസിപ്പിച്ചെടുക്കുന്ന സൂക്ഷ്മമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ദൈവശാസ്ത്രജ്ഞന്മാരെ സിനഡ് പ്രോൽസാഹിപ്പിച്ചു.  ധീരതയോടുകൂടി, വിശുദ്ധ ലിഖിതങ്ങളോടും സഭാപാരമ്പര്യത്തോടുമുള്ള വിശ്വസ്തതയിൽ, സഭയുടെ പ്രബോധനാധികാരത്തോടുള്ള ആത്മാർഥ

മായ ദൃഢബന്ധത്തോടെ, അജപാലനപരമായ യാഥാർഥ്യങ്ങളെക്കുറിച്ചുള്ള ബോധത്തോടെ, ഈ ദൈവശാസ്ത്ര ക്രോഡീകരണം നടത്തണമെന്ന് അവർ ആവശ്യപ്പെട്ടു. അജപാലകരോടും ജനങ്ങളോടുമുള്ള ഐക്യത്തിന്റെ ചൈതന്യത്തിൽ ജോലിചെയ്യാൻ ദൈവശാസ്ത്രജ്ഞന്മാരെ ഞാനും നിർബന്ധിക്കുന്നു. ആ പരസ്പരബന്ധത്തിൽ, ഒരിക്കലും തമ്മിൽ ഭിന്നിക്കാതെ, വിശ്വാസത്തിന്റെ യഥാർഥ അർഥത്തെപ്പറ്റി (sensus fidei) അവർ ചിന്തിക്കണം. ആ അർഥം ഒരിക്കലും കാണപ്പെടാതിരിക്കരുത്. ദൈവശാസ്ത്രപരമായ ജോലി എപ്പോഴും ക്രൈസ്തവരുടെ വികാരങ്ങളോടുള്ള ആദരവിനാൽ നയിക്കപ്പെടണം. സാംസ്കാരികാനുരൂപണം സാധിച്ച വിശ്വാസപ്രകാശനത്തിന്റെ രൂപങ്ങളിലേയ്ക്ക് പടിപടിയായുള്ള വളർച്ചയിൽ ആളുകൾക്ക് ആശയക്കുഴപ്പമോ ഉതപ്പോ ഉണ്ടാകാതിരിക്കാൻവേണ്ടിയാണിത്. ഓരോ സന്ദർഭത്തിലും സാംസ്കാരികാനുരൂപണം സുവിശേഷവുമായുള്ള ചേർച്ചയാൽ നയിക്കപ്പെടണം; സാർവത്രികസഭയുടെ വിശ്വാസത്തോട് ഐക്യപ്പെട്ടിരിക്കണം; സഭയുടെ പാരമ്പര്യത്തോട് പൂർണമായും യോജിച്ചിരിക്കണം; ജനങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടിയതുമായിരിക്കണം. സ്വന്തം സംസ്കാരത്തിന്റെ കണ്ണുകളിലൂടെ ക്രൈസ്തവവിശ്വാസത്തെ കൂടുതൽ വ്യക്തമായി കാണുന്നു എന്നതുകൊണ്ട് ആളുകൾ അതിനോട് കൂടുതൽ സമർപ്പണബുദ്ധിയുള്ളവരാകുന്നുണ്ടോ ഇല്ലയോ എന്നു ശ്രദ്ധിക്കണം. ഇതാണ് യഥാർഥ സാംസ്കാരികാനുരൂപണത്തിന്റെ പരിശോധന.

ലിറ്റർജിയാണ് മുഴുവൻ ക്രൈസ്തവ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും ഉറവിടവും പരമകോടിയും. സുവിശേഷവൽകരണത്തിന്റെ നിർണായകമായ മാർഗമാണത്. വിവിധ മതങ്ങളുടെ അനുയായികൾ ആരാധനയിലേയ്ക്കും മതപരമായ മഹോൽസവങ്ങളിലേക്കും ജനകീയ ക്തി പ്രകടനങ്ങളിലേയ്ക്കും ഏറെ ആകർഷിക്കപ്പെടുന്ന ഏഷ്യയിൽ പ്രത്യേകിച്ചും അപ്രകാരമാണ്. പൗരസ്ത്യ സഭകളുടെ ലിറ്റർജി മിക്കവാറും വിജയപ്രദമാംവിധം സാംസ്കാരികാനുരൂപണം പ്രാപിച്ചിട്ടുണ്ട്. ചുറ്റുമുള്ള സംസ്കാരവുമായി നടന്ന പരസ്പര പ്രവർത്തനത്തിന്റെ നൂറ്റാണ്ടുകളിലൂടെയാണ് അത് സാധിച്ചത്. എന്നാൽ കൂടുതൽ അടുത്ത കാലത്തു സ്ഥാപിക്കപ്പെട്ട സ കൾ, ലിറ്റർജി അവരുടെ ജനത്തിന് പോഷണത്തിന്റെ പൂർവാധികം വലിയ ഉറവിടമായിരിക്കണമെന്നത് ഉറപ്പുവരുത്തണം. പ്രാദേശിക സംസ്കാരങ്ങളിൽനിന്നു സ്വീകരിച്ച ഘടകങ്ങളുടെ ബുദ്ധിപൂർവകവും കാര്യക്ഷമവുമായ ഉപയോഗത്തിലൂടെയാണ് ലിറ്റർജി അത്തരം ഉറവിടമായിരിക്കേണ്ടത്. എന്നാലും ലിറ്റർജിപരമായ സാംസ്കാരികാനുരൂപണത്തിന് പരമ്പരാഗത സാംസ്കാരിക മൂല്യങ്ങളുടെയും പ്രതീകങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും മേൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ പോര. മനസ്സാക്ഷിയിലും മനോ ാവങ്ങളിലുമുണ്ടായ മാറ്റങ്ങളെ പരിഗണിക്കുകയെന്നതും ആവശ്യമാണ്. ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന മതേതരവും ഉപഭോഗപരവുമായ സംസ്കാരമാണ് ആ മാറ്റത്തിന് കാരണം. അവ ഏഷ്യക്കാരുടെ ആരാധനയുടെയും പ്രാർഥനയുടെയും ബോധത്തെ സ്വാധീനിക്കുന്നുണ്ട്. ഏഷ്യയിലെ ലിറ്റർജിപരമായ ഏതു സാംസ്കാരികാനുരൂപണവും ദരിദ്രർ, കുടിയേറ്റക്കാർ, അഭയാർഥികൾ, യുവജനം, സ്ത്രീകൾ എന്നിവരുടെ സവിശേഷാവശ്യങ്ങളെ അവഗണിക്കാനും പാടില്ല.

ഏഷ്യയുടെ സാഹചര്യത്തിൽ ആരാധനയുടെ സമുചിത രൂപങ്ങൾ വളർത്തുന്നതിനുള്ള കാര്യക്ഷമമായ മാർഗങ്ങൾ അന്വേഷിക്കണം. ആ അന്വേഷണത്തിൽ ദേശീയവും പ്രാദേശികവുമായ മെത്രാന്മാരുടെ കോൺഫ്രൻസുകൾ ആരാധനയ്ക്കും കൂദാശകളുടെ ശിക്ഷണത്തിനും വേണ്ടിയുള്ള തിരുസംഘവുമായി കൂടുതൽ അടുത്തു പ്രവർത്തിക്കുക ആവശ്യമാണ്. അത്തരമൊരു സഹകരണം സത്താപരമാണ്. എന്തെന്നാൽ എല്ലാവരാലും ഏറ്റുപറയപ്പെടുന്ന ഒരേ വിശ്വാസമാണ് ലിറ്റർജി പ്രകടിപ്പിക്കുന്നതും ആഘോഷിക്കുന്നതും. മുഴുവൻ സഭയുടെയും പൈതൃകമെന്നനിലയിൽ, അത് ഇന്ന വിധത്തിലായിരിക്കണമെന്ന് പ്രാദേശിക സഭകൾ, സാർവത്രിക സ

യിൽനിന്ന് ഒറ്റപ്പെട്ടു നിശ്ചയിക്കാനും പാടില്ല.
ഏഷ്യയിലെ ജനങ്ങളിലേക്ക് രക്ഷയുടെ സന്ദേശം കൈമാറുന്നതിൽ വേദഗ്രന്ഥവചനത്തിനുള്ള പ്രാധാന്യം സിനഡ് പിതാക്കന്മാർ പ്രത്യേകം ഊന്നിപ്പറഞ്ഞു. ഏഷ്യയിൽ കൈമാറപ്പെട്ട വചനം മതാനു വം കാത്തുസൂക്ഷിക്കുന്നതിനെയും കൈമാറുന്നതിനെയും സംബന്ധിച്ചിടത്തോളം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതുകൊണ്ട് കാര്യക്ഷമമായ ഒരു ബൈബിൾ പ്രേക്ഷിതത്വം വികസിപ്പിച്ചെടുക്കുക ആവശ്യമാണ്. ഏഷ്യയിലെ സഭയുടെ അംഗങ്ങളുടെയിടയിൽ വിശുദ്ധഗ്രന്ഥം കൂടുതൽ വ്യാപകമായി വിതരണം ചെയ്യപ്പെടാനും, കൂടുതൽ തീവ്രതയോടും പ്രാർഥനാചൈതന്യത്തോടുംകൂടി ഉപയോഗിക്കപ്പെടാനുമാണത്. എല്ലാ പ്രേക്ഷിത പ്രഘോഷണവും വേദോപദേശവും മതപ്രസംഗവും ആധ്യാത്മികതയുടെ ശൈലികളും അതിനെ അടിസ്ഥാനപ്പെടുത്തമെന്ന് സിനഡ് പിതാക്കന്മാർ നിർബന്ധപൂർവം പറഞ്ഞു. പ്രാദേശിക ഭാഷകളിലേക്കുള്ള ബൈബിൾ വിവർത്തനം പ്രോൽസാഹിപ്പിക്കപ്പെടുകയും സഹായിക്കപ്പെടുകയും വേണം. ആളുകളെ വിശ്വാസത്തിൽ പരിശീലിപ്പിക്കുന്നതിനും പ്രഘോഷണ ദൗത്യത്തിന് അവരെ ഒരുക്കുന്നതിനുമുള്ള സുപ്രധാന മാർഗമായി ബൈബിൾപരമായി പരിശീലനം കരുതപ്പെടണം. വൈദികർക്കും സന്യസ്തർക്കും അൽമായർക്കുമായുള്ള പരിശീലന പദ്ധതികളിൽ ബൈബിളിനെ സംബന്ധിച്ച അജപാലനോന്മുഖ പദ്ധതികൾ കൂട്ടിച്ചേർക്കണം. ബൈബിളിലെ പ്രബോധനങ്ങൾ ഏഷ്യയിലെ ജിവിതത്തിന്റെ സങ്കീർണ യാഥാർഥ്യങ്ങളിൽ പ്രയോഗിക്കുന്നതിനു വേണ്ടത്ര ഊന്നൽ നൽകുന്ന പദ്ധതികളായിരിക്കണം അവ. മറ്റു മതാനുയായികളുടെ ഇടയിൽ വിശുദ്ധലിഖിതങ്ങൾ അറിയപ്പെടാൻ ഇടയാക്കുകയും വേണം. ജനങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കാൻ ദൈവവചനത്തിന് സ്വാ ാവിമായ ഒരു ശക്തിയുണ്ട്. എന്തെന്നാൽ ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയെ പരിശുദ്ധാത്മാവ് വിശുദ്ധ ലിഖിതങ്ങളിലൂടെ വെളിപ്പെടുത്തുന്നു. കൂടാതെ, ബൈബിളിലെ പല ഗ്രന്ഥങ്ങളിലും കാണുന്ന വിവരണാത്മകശൈലികൾക്ക് ഏഷ്യയുടെ മതഗ്രന്ഥങ്ങളുമായി ഉറ്റ ബന്ധവുമുണ്ട്.
സാംസ്കാരികാനുരൂപണത്തിന്റെ മറ്റൊരു സുപ്രധാന വശം സുവിശേഷ പ്രസംഗകരുടെ(ല്മിഴലഹശ്വലൃെ) പരിശീലനമാണ്. ഈ പ്രക്രിയയുടെ ാവി വലിയതോതിൽ അതിനെ ആശ്രയിച്ചാണിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ പരിശീലനം മിക്കപ്പോഴും പാശ്ചാത്യ ദേശത്തുനിന്ന് ഇറക്കുമതി ചെയ്ത ശൈലിയും രീതികളും പരിപാടികളുമനുസരിച്ചാണ് നടന്നത്. സിനഡ് പിതാക്കന്മാർ അത്തരം പരിശീലന രീതി നൽകിയ സേവനത്തെ ആദരിച്ചു. അതേസമയം സുവിശേഷ പ്രസംഗകരുടെ പരിശീലനം ഏഷ്യയുടെ സാംസ്കാരിക സാഹചര്യങ്ങൾക്കു ചേർന്നതാക്കാൻ അടുത്തകാലത്തു നടത്തിയ പരിശ്രമങ്ങളെ ാവാത്മകമായ വികസനമായി അംഗീകരിക്കുകയും ചെയ്തു. സെമിനാരി വിദ്യാർഥികൾക്ക് ബൈബിൾ പഠനത്തിലും സ ാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളുടെ പഠനത്തിലും ഉറപ്പുള്ള അടിസ്ഥാനമുണ്ടായിരിക്കണം. അതുപോലെതന്നെ, സ യുടെ ദൈവശാസ്ത്രപരവും തത്വചിന്താപരവുമായ പൈതൃകത്തിന്റെ വിശദവും ഉറപ്പുള്ളതുമായ അറിവുണ്ടായിരിക്കണം. വിശ്വാസവും യുക്തിയും (Fides Ratio) എന്ന ചാക്രിക ലേഖനത്തിൽ ഞാൻ അതിനു നിർബന്ധിച്ചിട്ടുണ്ടല്ലോ. ഈ ഒരുക്കത്തിന്റെ അടിസ്ഥാനത്തിൽ, പിന്നീട് ഏഷ്യയുടെ തത്വശാസ്ത്രപരവും മതപരവുമായ പാരമ്പര്യങ്ങളുമായ സമ്പർക്കത്തിന് ഉപകാരം നേടാൻ അവർക്കു കഴിയും. ഏഷ്യയുടെ ആത്മാവിന് സ്വന്തമായുള്ള ആധ്യാത്മികതയുടെയും പ്രാർഥനയുടെയും ഘടകങ്ങളെ ആഴത്തിൽ മനസിലാക്കാൻ ശ്രമിക്കുന്നതിന് സിനഡ് പിതാക്കന്മാർ സെമിനാരികളിലെ പ്രൊഫസർമാരെയും സ്റ്റാഫിനെയും പ്രോൽസാഹിപ്പിച്ചു. കൂടുതൽ പൂർണമായ ജീവിതത്തിനുവേണ്ടിയുള്ള ഏഷ്യൻ ജനതയുടെ അന്വേഷണത്തിൽ കൂടുതൽ അഗാധമാംവിധം ഉൾപ്പെടാനും അവരെ പ്രോൽസാഹിപ്പിച്ചു. ഈ ലക്ഷ്യം പ്രാപിക്കാൻ, സെമിനാരി സ്റ്റാഫിന്റെ ശരിയായ പരിശീലനം ഉറപ്പുവരുത്തുക അത്യാവശ്യമാ

ണെന്ന് ഊന്നിപ്പറയുകയും ചെയ്തു. സമർപ്പിതരായ സ്ത്രീപുരുഷന്മാരുടെ പരിശീലനത്തിനുള്ള
താൽപര്യവും സിനഡ് പ്രകടിപ്പിച്ചു. സമർപ്പിതർ ആരുടെയിടയിൽ ജീവിക്കുകയും ആരെ സേവി
ക്കുകയും ചെയ്യുന്നുവോ അവരുടെ മതപരവും സാംസ്കാരികവുമായ പൈതൃകത്തോടു സംവേ
ദകത്വമുള്ളവരായിരിക്കണം അവരുടെ ആധ്യാത്മികതയും ജീവിതശൈലിയുമെന്ന് സിനഡ് വ്യക്ത
മാക്കി. ഇക്കാര്യത്തിൽ സുവിശേഷത്തിനും ചേരുന്നതും ചേരാത്തതും ഏതൊക്കെയാണെന്ന്
അത്യാവശ്യമായി തിരിച്ചറിയൽ എപ്പോഴും മുൻകൂട്ടി ഉണ്ടായിരിക്കണമെന്നും വ്യക്തമാക്കി.
കൂടാതെ, സുവിശേഷത്തിന്റെ സാംസ്കാരികാനുരൂപണം ദൈവജനത്തെ മുഴുവനും ഉൾക്കൊ
ള്ളിക്കുന്നതാകയാൽ അൽമായരുടെ പങ്ക് സുപ്രധാനമാണ്. അവരാണ് മെത്രാന്മാരോടും വൈദി
കരോടും സന്യസ്തരോടും സഹകരിച്ചുകൊണ്ട് സമൂഹത്തെ പരിവർത്തനം ചെയ്യിക്കാൻ വിളി
ക്കപ്പെട്ടവർ. അവർ ജീവിക്കുന്ന മതേതര ലോകത്തിന്റെ മനോ  ാവത്തിലേയ്ക്കും ആചാരമര്യാ
ദകളിലേയ്ക്കും നിയമങ്ങളിലേയ്ക്കും വ്യവസ്ഥിതികളിലേയ്ക്കും  ക്രിസ്തുവിന്റെ മനോ  ാവം
കുത്തിവച്ചുകൊണ്ടാണ് അവർ ആ പരിവർത്തനം സാധ്യമാക്കേണ്ടത്. ഏഷ്യൻ സമൂഹത്തിന്റെ
ഓരോ തലത്തിലും വ്യാപകമായി നടക്കേണ്ട സുവിശേഷത്തിന്റെ സാംസ്കാരികാനുരൂപണം,
പ്രാദേശിക സ  കൾ അൽമായർക്കു നൽകുന്ന സമുചിതമായ പരിശീലനത്തിന്റെ വിജയത്തെ
വലിയതോതിൽ ആശ്രയിച്ചിരിക്കും.

### ക്രൈസ്തവ ജീവിതം, പ്രഘോഷണമെന്ന നിലയിൽ

സജീവ വിശ്വാസത്തിൽനിന്നു പുറപ്പെടുന്ന ദൈവാനു  വത്തിൽ ക്രൈസ്തവ സമൂഹം വേരുറ
ച്ചിരിക്കണം. ആ ഉറപ്പ് എത്ര കൂടുതലാണോ അത്ര കൂടുതൽ വിശ്വാസ്യതയോടെ യേശുക്രി
സ്തുവിലുള്ള ദൈവരാജ്യത്തിന്റെ നിറവേറ്റലിനെപ്പറ്റി മറ്റുള്ളവരോടു പ്രഘോഷിക്കാൻ അതിനു
കഴിയും. ദൈവവചനം വിശ്വാസപൂർവം കേൾക്കുന്നതിൽനിന്നും പ്രാർഥന, ധ്യാനം എന്നിവ
യിൽനിന്നും കൂദാശകളിൽ സർവോപരി കുർബാനയിൽ യേശുവിന്റെ രഹസ്യത്തെ ആഘോ
ഷിക്കുന്നതിൽനിന്നും യഥാർഥ ജീവിത സംസർഗത്തിന്റെയും സ്നേഹത്തിന്റെ സമഗ്രതയുടെയും
മാതൃക നൽകുന്നതിൽനിന്നും അത് ഉത്ഭുതമാകും. വ്യക്തിസ  യുടെ ഹൃദയം, മനുഷ്യനായി
തീർന്ന ദൈവമായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ധ്യാനത്തിൽ ഉറച്ചിരിക്കണം. അവിടുത്തോ
ടുള്ള കൂടുതൽ ദൃഢമായ ഐക്യത്തിനുവേണ്ടി സ്ഥിരമായി പരിശ്രമിക്കുകയും വേണം. അവി
ടുത്തെ ദൗത്യമാണല്ലോ വ്യക്തിസ  തുടരുന്നത്. പ്രേക്ഷിത ദൗത്യമെന്നത് ധ്യാനാത്മകമായ
പ്രവർത്തിയും പ്രവർത്തിപരമായ ധ്യാനവുമാണ്. അതുകൊണ്ട് പ്രർഥനയിലും ധ്യാനത്തിലും
അഗാധമായ ദൈവാനു  വമില്ലാത്ത പ്രേക്ഷിതന് അധ്യാത്മിക സ്വാധീനശക്തിയോ പ്രേക്ഷിതപ
രമായ വിജയമോ ഉണ്ടാകുകയില്ല. ഇത് എന്റെ വൈദിക ശുശ്രൂഷയിൽനിന്ന് എനിക്കു ല  ിച്ച
ഒരു ഉൾക്കാഴ്ചയാണ്. ഞാൻ മറ്റൊരിടത്ത് എഴുതിയിരുന്നതുപോലെ, അക്രൈസ്തവ ആധ്യാ
ത്മിക പാരമ്പര്യങ്ങളുടെ, പ്രത്യേകിച്ച് ഏഷ്യയിലെ ആ പാരമ്പര്യങ്ങളുടെ പ്രതിനിധികളുമായുള്ള
എന്റെ സമ്പർക്കം ഒരു വീക്ഷണത്തിൽ എന്നെ ഉറപ്പിച്ചു നിർത്തി. പ്രേക്ഷിതവേലയുടെ  ാവി
വലിയതോതിൽ ധ്യാനത്തെ ആശ്രയിച്ചിരിക്കുന്നുവെന്നതാണ് ആ വീക്ഷണം. ഏഷ്യയിൽ, മഹാ
മതങ്ങളുടെ  വനത്തിൽ, വ്യക്തികളും ജനതകൾ മുഴുവനും ദൈവത്തിനായി ദാഹിക്കുന്നിട
ത്ത്, സ  , പ്രവർത്തിക്കുന്ന, സ  യാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവൾ നേരിട്ട് മാനുഷിക-
സാമൂഹിക കാര്യങ്ങളിൽ വ്യാപരിക്കുമ്പോൾപ്പോലും ആഴത്തിൽ ആധ്യാത്മികതയുള്ളതാകാൻ
വിളിക്കപ്പെട്ടിരിക്കുന്നു. പ്രാർഥനയുടെയും ധ്യാനത്തിന്റെയും യഥാർഥ പ്രേക്ഷിതപരമായ ആധ്യാ
ത്മികത എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമാണ്.

യഥാർഥ ആധ്യത്മികതയുള്ള വ്യക്തി ഏഷ്യയിൽ വേഗം ആദരവ് പിടിച്ചുപറ്റും. അദ്ദേഹത്തിന്

അനുയായികൾ ഉണ്ടാകുകയും ചെയ്യും. പ്രാർഥനയും ഉപവാസവും തപോനിഷ്ഠയുടെ വിവിധരൂപങ്ങളും വളരെയേറെ ആദരിക്കപ്പെടുന്നു. പരിത്യാഗം, നിസംഗത, ലാളിത്യം, നിശ്ശബ്ദത എന്നിവയെ മഹാമൂല്യങ്ങളായി എല്ലാ മതങ്ങളുടെയും അനുയായികൾ പരിഗണിക്കുന്നു. മാനുഷിക സമുദ്ധാരണത്തിൽനിന്ന് പ്രാർഥന ഒഴിവാക്കപ്പെടാതിരിക്കാൻ സിനഡ് പിതാക്കന്മാർ ഇങ്ങനെ ഊന്നിപ്പറഞ്ഞു: നീതി, സ്നേഹം, കാരുണ്യം എന്നിവയുടെ പ്രവർത്തനവും യഥാർഥ പ്രാർഥനയുടെയും ധ്യാനത്തിന്റെയും ജീവിതവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. യഥാർഥത്തിൽ ആ ആധ്യാത്മികത തന്നെയായിരിക്കും നമ്മുടെ സകല സുവിശേഷവത്കരണ പ്രവർത്തനത്തിന്റെയും ഉറവിടം. ഏഷ്യയുടെ സുവിശേഷവത്കരണത്തിൽ യഥാർഥ സാക്ഷ്യങ്ങളുടെ ആവശ്യകതയെപ്പറ്റി പൂർണമായി ബോധ്യപ്പെട്ട സിനഡ് പിതാക്കന്മാർ ഇങ്ങനെ പ്രസ്താവിച്ചു: പിതാവിന് തന്റെ മക്കളോടുള്ളതും യേശുക്രിസ്തു എന്ന വ്യക്തിയിൽ പ്രകടമാക്കപ്പെട്ടതുമായ സ്നേഹത്താൽ പ്രോൽസാഹിപ്പിക്കപ്പെടുകയും പ്രചോദിക്കപ്പെടുകയും ചെയ്യുന്നവർക്കു മാത്രമേ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുവാൻ കഴിയുകയുള്ളൂ. വിശുദ്ധരായ സ്ത്രീപുരുഷന്മാരെ ഈ പ്രഘോഷണ ദൗത്യ നിർവഹണത്തിന് ആവശ്യമാണ്. അവർ തങ്ങളുടെ ജീവിതം വഴി രക്ഷകനെ അറിയിക്കുന്നവരും അവിടുന്ന് സ്നേഹിക്കപ്പെടാൻ ഇടയാക്കുന്നവരുമായിരിക്കും. ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒന്നിനു മാത്രമേ മറ്റൊന്നിനെ ജ്വലിപ്പിക്കാൻ കഴിയൂ. അതുപോലെ മെത്രാ ന്മാരും വൈദികരും സമർപ്പിത ജീവിതത്തിലുള്ളവരും അൽമായരും ക്രിസ്തുവിനോടുള്ള സ്നേഹമാകുന്ന അഗ്നിയാൽ ജ്വലിക്കുകയും അവിടുന്ന് കൂടുതൽ അറിയപ്പെടാനും കൂടുതൽ ആഴത്തിൽ സ്നേഹിക്കപ്പെടാനും കൂടുതൽ അടുത്ത് അനുഗമിക്കപ്പെടാനും ഉള്ള തീക്ഷ്ണതയാൽ ജ്വലിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഏഷ്യയിൽ രക്ഷയുടെ സുവിശേഷത്തിന്റെ വിജയപ്രദമായ പ്രഘോഷണം നടക്കുകയുള്ളൂ. ക്രിസ്തുവിനെപ്പറ്റി സംസാരിക്കുന്ന ക്രിസ്ത്യാനികൾ തങ്ങൾ പ്രഘോഷിക്കുന്ന സന്ദേശം തങ്ങളുടെ ജീവിതത്തിൽ സമൂർത്തമാക്കണം.

എന്നിരുന്നാലും, ഇതിനെ സംബന്ധിച്ചിടത്തോളം ഏഷ്യയിലെ ഒരു പ്രത്യേക സാഹചര്യത്തെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഏഷ്യയിലെ പല സ്ഥലത്തും പരസ്യമായ പ്രഘോഷണം നിരോധിക്കപ്പെടുന്നു. മതസ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയോ വ്യവസ്ഥാപിതമാംവിധംനിയന്ത്രിക്കപ്പെടുകയോ ചെയ്യുന്നു. ആ സ്ഥലങ്ങളിൽ ജീവിതത്തിന്റെ നിശ്ശബ്ദമായ സാക്ഷ്യമാണ് ഇപ്പോഴും ദൈവരാജ്യപ്രഘോഷണത്തിനുള്ള ഏകസാധ്യതയെന്ന് സ മനസ്സിലാക്കുന്നു. സ അതിനെ കുരിശെടുക്കലായി (cf ലൂക്കാ 9: 23) കണ്ടുകൊണ്ട് ഇത്തരം ജീവിതസാക്ഷ്യം നൽകുന്നു. അതേസമയം മതസ്വാതന്ത്ര്യത്തെ ഒരു മൗലീകാവകാശമായി അംഗീകരിക്കാൻ ഗവൺമെന്റുകളോട് അപേക്ഷിക്കുകയും അവയെ നിർബന്ധിക്കുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വാക്കുകൾ ഇവിടെ ആവർത്തിക്കത്തക്കതാണ്. മനുഷ്യവ്യക്തിക്ക് മതസ്വമന്ത്ര്യത്തിനുള്ള അവകാശമുണ്ട്. വ്യക്തികളിൽനിന്നോ സമുദായ വിഭാഗങ്ങളിൽനിന്നോ മറ്റേതെങ്കിലും മാനുഷികാധികാരികളിൽനിന്നോ ഉള്ള സമ്മർദങ്ങളിൽനിന്ന് എല്ലാ മനുഷ്യരും വിമുക്തരായിരിക്കുക എന്നതിലാണ് ഈ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്. അതായത്, മതകാര്യങ്ങളിൽ സ്വന്തം മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരും നിർബന്ധിക്കപ്പെടരുത്. അതുപോലെതന്നെ, ന്യായമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് രഹസ്യമായോ പരസ്യമായോ തനിച്ചോ കൂട്ടുചേർന്നോ സ്വന്തം അവബോധമനുസരിച്ചു വ്യാപരിക്കുന്നതിൽനിന്ന് ആരെയും തടയുവാൻ ആർക്കും അവകാശമില്ല. ചില ഏഷ്യൻ രാജ്യങ്ങളിൽ ഈ പ്രസ്താവന ഇനിയും അംഗീകരിക്കപ്പെടേണ്ടിയിരിക്കുന്നു, പ്രയോഗത്തിലാകേണ്ടിയിരിക്കുന്നു.

അങ്ങനെ, ഏഷ്യയിൽ യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നതിൽ സങ്കീർണമായ പല വശങ്ങളുമുണ്ട്- ഉള്ളടക്കത്തിലും രീതിയിലും. യേശുവിനെ സംബന്ധിച്ച പ്രഘോഷണത്തോടുള്ള

സമീപനങ്ങളുടെ ന്യായാനുസൃതമായ വൈവിധ്യത്തെക്കുറിച്ച് സിനഡ് പിതാക്കന്മാർക്ക് സൂക്ഷ്മമായ ബോധമുണ്ടായിരുന്നു. വിശ്വാസത്തെ സ്വന്തമാക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയിൽ, അതിനെ അതിന്റെ സമഗ്രതയിൽ ആദരിക്കുമെങ്കിൽ ആ വൈവിധ്യങ്ങൾ ന്യായാനുസൃതങ്ങളാണ്. സിനഡ് ഇങ്ങനെ പ്രസ്താവിച്ചു: സുവിശേഷവൽകരണം ഇന്ന്, സമ്പന്നവും സ്വയംചാലകവുമായ ഒരു യാഥാർത്ഥ്യമാണ്. അതിന് വിവിധ വശങ്ങളും ഘടകങ്ങളുമുണ്ട്. സാക്ഷ്യം, സംവാദം, പ്രഘോഷണം, വേദോപദേശം, മാനസാന്തരം, മാമോദീസ, സഭാസമൂഹത്തിലേയ്ക്കുള്ള ചേർക്കൽ, സഭ നട്ടുപിടിപ്പിക്കൽ, സാംസ്കാരികാനുരൂപണം, സമഗ്രമായ മാനുഷിക സമുദ്ധാരണം. ഈ ഘടകങ്ങളിൽ ചിലത് ഒന്നിച്ചു മുന്നേറുന്നു. അതേസമയം ചിലത് സമഗ്രമായ സുവിശേഷവൽകരണ പ്രക്രിയയുടെ തുടർച്ചയായുള്ള പടികളാണ് അല്ലെങ്കിൽ ഘട്ടങ്ങളാണ്. എന്നിരുന്നാലും സുവിശേഷവൽകരണ പ്രവൃത്തിയിൽ, യേശുക്രിസ്തുവിനെപ്പറ്റിയുള്ള പൂർണ സത്യമാണ് പ്രഘോഷിക്കപ്പെടേണ്ടത്. യേശു എന്ന അക്ഷയ രഹസ്യത്തിന്റെ ചില വശങ്ങളെ കൂടുതൽ ഊന്നിപ്പറയുക എന്നത്, ഒരു വ്യക്തിക്ക് ക്രിസ്തുവിനെ പടിപടിയായി പരിചയപ്പെടുത്തുമ്പോൾ ന്യായാനുസൃതമാണ്. അത്യാവശ്യവുമാണ്. എന്നാൽ ഇത് വിശ്വാസത്തിന്റെ സമഗ്രതയ്ക്ക് ദ്രോഹമായിരിക്കരുത്. അവസാനം, സഭ എല്ലാക്കാലത്തും എല്ലാ സ്ഥലത്തും അവതരിപ്പിച്ചിട്ടുള്ളതുപോലെ ഇന്നലെയും ഇന്നു എന്നേയ്ക്കും ഒരാളായിരിക്കുന്ന (ഹെബ്രാ 13:8) എല്ലാവരുടെയും കർത്താവായ, യേശുക്രിസ്തു എന്നവ്യക്തിയെ സംബന്ധിച്ച ഉറപ്പുള്ള ധാരണയിൽ അടിയുറപ്പിച്ചതായിരിക്കണം ഒരാളുടെ വിശ്വാസസ്വീകരണം.